പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1254 — 01.07.2015 ൽ - മറുപടിക്ക്

# വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. പി.കെ. ബഷീർ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് റേഷൻ സാധനങ്ങളുടെ വിതരണം കുറ്റമറ്റതാക്കാൻ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) പൊതുവിതരണത്തിനുള്ള ഭക്ഷ്യസാധനങ്ങളും മണ്ണെണ്ണയും വിതരണത്തിനായി കൊണ്ടുപോകുന്ന വാഹനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് സുതാര്യത ഉറപ്പുവരുത്തുക എന്നതാണ് ജി.പി.എസ്. സംവിധാനം വഴി ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ സംവിധാനം പ്രാവർത്തികമാക്കിയിട്ടില്ല. റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. പദ്ധതി പ്രകാരം വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നത് സംബന്ധിച്ച് സാദ്ധ്യത പഠനം നടക്കുകയാണ്. **Door delivery** നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച് പൈലറ്റ് പദ്ധതി നടന്നു വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ; | |
| (സി) | പൊതുവിതരണത്തിനുള്ള ഭക്ഷ്യ ധാന്യങ്ങളും മറ്റും കടത്തികൊണ്ടു പോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത സിസ്റ്റത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) പൊതുവിതരണത്തിനുള്ള മണ്ണെണ്ണയും ഭക്ഷ്യസാധനങ്ങളും വിതരണത്തിനായി കൊണ്ടു പോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഉപയോഗിക്കുമ്പോൾ കൈമാറുന്ന സിഗ്നലുകൾ ഉപയോഗിച്ച് വാഹനങ്ങൾ സഞ്ചരിക്കുന്ന ദിശ മനസ്സിലാക്കാനും ഇവ കൃത്യ സ്ഥലത്ത് തന്നെയാണെത്തുന്നത് എന്ന് ഉറപ്പു വരുത്താനും കഴിയും. |
| (ഡി) | ഇതിനായി ഏതെല്ലാം ഏജൻസികളുമായാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഏജൻസികളെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ